## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 740 05/02/2020-ൽ മറുപടിയ്ക്ക്

## <u>പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകൾ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ<br>,, കെ.എൻ.എ ഖാദർ<br>,, സി.മമ്മൂട്ടി<br>ഡോ.എം. കെ. മുനീർ :** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകൾ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | (എ) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഊരുകൂട്ട തീരുമാന പ്രകാരം, തെരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണനാ ക്രമത്തിലാണ് ധനസഹായം അനുവദിക്കുന്നത്.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>ഇത്തരം പരാതി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ പരാതികളിന്മേൽ വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ; വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ല എന്നത് സംബന്ധിച്ച് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല. |

| | | | |
|---|---|---|---|
| | | | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>വിജിലൻസ് ജില്ലാ ആഫീസിലും ബ്ലോക്കുകളിലും പരിശോധന നടത്തിയതായി ചില ജില്ലാ പട്ടികജാതി വികസന ആഫീസർമാർ വിവരം അറിയിച്ചിട്ടുണ്ട്. എന്നാൽ ടി വിഷയത്തിൽ വിജിലൻസിന്റെ റിപ്പോർട്ട് ഈ ആഫീസിൽ ലഭിച്ചിട്ടില്ല. |
| **(സി)** | വിജിലൻസ് റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ ? | **(സി)** | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>ബാധകമല്ല.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>ബാധകമല്ല. |

സെക്ഷൻ ഓഫീസർ